കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## പിരായിരി ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നമ്പർ കെ.എസ്.എ-പികെഡി 17-1174/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്.

തീയതി.26.07.2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പിരായിരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പിരായിരി ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നമ്പർ കെ.എസ്.എ-പികെഡി 17-1174/2017 തിയ്യതി: 26.07.2017.

# പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 10.12.2016 മുതൽ 07.06.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : കെ.എൻ.വാസുദേവൻ
ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 8.06.2017 മുതൽ 15.06.2017 വരെ

| | | | |
|---|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.പി.സുജാത | ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.എ.സുജാത | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | | |
|---|---|---|
| | ശ്രീമതി.എം.വി.ബീന | ഓഡിറ്റർ |
| | കുമാരി.പി.കാർത്തിക | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.കെ.കല്യാണി | 1.4.16 മുതൽ 31.3.17 വരെ |
| സെക്രട്ടറി | ശ്രീ.കെ.ഡി.ഹരേഷ് | 1.4.16 മുതൽ 29.7.16 വരെ |
| | ശ്രീ.എം.ജി.ജോയ്സൺ | 29.7.16AN മുതൽ 8.8.16 വരെ |
| | ശ്രീ.സി.അബ്ദുൾ നാസർ | 8.8.16AN മുതൽ 31.3.17 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീമതി.നഫീസ.എൻ | 1.4.16 മുതൽ 31.3.17 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.അഹമ്മദ് കബീർ | 1.4.16 മുതൽ 4.7.16 വരെ |
| | ശ്രീമതി.സ്മിത.എം. | 5.7.16 മുതൽ 14.7.16 വരെ |
| | ശ്രീ.അഹമ്മദ് കബീർ | 15.7.16 മുതൽ 31.3.17 വരെ |
| പ്രധാനാദ്ധ്യാപിക, GLPS, കൊട്ടന്തിരപ്പുള്ളി | ശ്രീമതി.ബിജി. | 1.4.16 മുതൽ 5.6.16 വരെ |
| | ശ്രീമതി.ബിന്ദു.വി. | 6.6.16 മുതൽ 16.6.16 വരെ |
| | ശ്രീമതി.ഗീത കെ. | 17.6.16 മുതൽ 31.3.17 വരെ |

| | | |
|---|---|---|
| വി.ഇ.ഒ. | ശ്രീമതി.വിനീത.കെ.വി. | 1.4.16 മുതൽ 31.3.17 വരെ |
| ഐ.സി.ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ഭാമിനി.എസ്. | 1.4.16 മുതൽ 30.8.16 വരെ |
| | സുജാത.കെ. | 1.9.16 മുതൽ 31.3.17 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.എം.ജി.ജോയ്സൺ | 1.4.16 മുതൽ 5.11.16 വരെ |
| | ശ്രീ.ദിനേഷ്.കെ.എൻ | 5.11.16AN മുതൽ 14.11.16വരെ |
| | ശ്രീ.ജോണി | 14.11.16AN മുതൽ 30.12.16 വരെ |
| | ശ്രീ.ദിനേഷ്.കെ.എൻ. | 30.12.16AN മുതൽ 6.1.17 വരെ |
| | ശ്രീമതി.സുമ.എസ്.എൻ | 6.1.17AN മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.അതീദി.ആർ | 1.4.16 മുതൽ 26.7.16 വരെ |
| | ഡോ.ശ്രീ.മോഹൻ | 27.7.16 മുതൽ 1.2.17 വരെ |
| | ഡോ.അതീദി.ആർ | 2.2.17 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. സ്മിത | 1.4.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. സിനി അബ്രഹാം | 1.4.16 മുതൽ 31.3.17 വരെ |
| വെറ്ററിനറി സർജൻ | ഡോ.ജസ്റ്റിൻ ധീരവീയം | 1.4.16 മുതൽ 31.3.17 വരെ |

| | | |
|---|---|---|
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ബിന്ദു.എൻ | 1.4.16 മുതൽ 31.3.17 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29.2.16 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2017 | 2.6.2017 | --- | --- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - ₹. 8456156/-

വരവ് - ₹. 68435561/-

ആകെ - ₹. 76891717/-

ചെലവ് - ₹. 64255747/-

നീക്കിയിരിപ്പ് - ₹. 12635970/-

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് (അലോട്ട് മെന്റ്) | ആകെ | ചെലവ് | ലാപ്സായ തുക | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 17724175 | 17724175 | 15676953 | 2047222 | 0 | 88.45% |
| വികസനഫണ്ട് എസ്.സി.പി. | 0 | 7281168 | 7281168 | 4452250 | 2828918 | 0 | 61.15% |
| വികസനഫണ്ട് ടി.എസ്.പി. | 0 | | | | | 0 | |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 7154412 | 7154412 | 200939 | 6953473 | 0 | 2.8% |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 4753824 | 4753824 | 2872523 | 1881301 | 0 | 60.42% |
| 13-ാം ധന കാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9940584 | 9940584 | 6133524 | 3807060 | 0 | 61.70% |

| | | | | | | | |
|---|---|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ്((central) | 0 | 7546819 | 7546819 | 7546819 | 0 | 0 | 100% |
| പെർഫോമൻസ് ഗ്രാന്റ് (State) | 0 | 1368113 | 1368113 | 768228 | 599885 | 0 | 56.15% |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 202 | 79611594 | 117 | 40934976 | --- | 85 | 57.92 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 5 | 3847838 | 1964579 | 51.05 |
| വെറ്ററിനറി സർജൻ | 3 | 2 | 1614000 | 399000 | 24.72 |
| മെഡിക്കൽ | 2 | 2 | 702000 | 433171 | 61.70 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ, പി.എച്ച്.സി | | | | | |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 1 | 350000 | 350000 | 100 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| വി.ഇ.ഒ. | 5 | 4 | 12394409 | 5214009 | 42.07 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 7 | 8158425 | 7085711 | 86.85 |
| സെക്രട്ടറി | 22 | 14 | 6070998 | 3764307 | 62 |
| പ്രധാനാദ്ധ്യാപിക | 6 | 3 | 1569824 | 920000 | 58.60 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 141 | 72 | 37666600 | 18614264 | 49.42 |
| അസിസ്റ്റന്റ്സെക്രട്ടറി | 7 | 5 | 6437500 | 1389935 | 21.59 |
| ഡയറി എക്സ്റ്റൻഷൻ | 1 | 1 | 600000 | 600000 | 100 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ | | | | | |
| ആകെ | 202 | 117 | 79611594 | 40934976 | 51.42 |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 12.26ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6062519 | 6789680 | 727161 | 11.99(+) |
| നികുതിയേതര വരവുകൾ | 1707064 | 1933072 | 226008 | 11.69 (+) |
| ആകെ | 7769583 | 8722752 | 953169 | 12.26(+) |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 6 | 2 | 4 |
| 2 | തൊഴിൽ രഹിത വേതനം | 29 | 24 | 5 |
| 3 | വിധവാ പെൻഷൻ | 127 | 109 | 18 |
| 4 | വികലാംഗ പെൻഷൻ | 40 | 37 | 3 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1 | 1 | 0 |

| | | | | |
|---|---|---|---|---|
| 6 | വാർദ്ധക്യകാല പെൻഷൻ | 573 | 423 | 150 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.6.17 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18825/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.5.2017-22.5.2017 | 1.4.17 മുതൽ 30.4.17 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമല്ല | 2005-06 മുതൽ 2009-10 വരെ | നം.8എ-1718 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

2016-17 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു. (എൻക്വയറി നമ്പർ 16/15.6.2017)

എ) തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

2016-17 സാമ്പത്തിക വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രം. നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | നികുതി ഈടാക്കിയ അർദ്ധവർഷം / ഈടാക്കിയ തുക | നികുതി ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|---|---|
| 1 | ജി. എൽ. പി. എസ്, പിരായിരി | 1 | രണ്ടാം അർദ്ധ വർഷം 600/- | ഒന്നാം അർദ്ധ വർഷം |
| 2 | സികാജൻ ഇന്ത്യ ലിമിറ്റഡ് | 6 | രണ്ടാം അർദ്ധ വർഷം 4550/- | ഒന്നാം അർദ്ധ വർഷം |
| 3 | കമാന്റന്റ്, പോലീസ് ഹോസ്പിറ്റൽ ,കല്ലേക്കാട് | 2 | ഒന്നാം അർദ്ധ വർഷം 2500/- | രണ്ടാം അർദ്ധ വർഷം |
| 4 | കോർഡോവ ഇന്റർനാഷണൽ സ്കൂൾ | 17 | ഒന്നാം അർദ്ധ വർഷം 5040/- | രണ്ടാം അർദ്ധ വർഷം |
| 5 | ഗ്രാന്റ് ഹ്യുണ്ടായ് | 65 | ഒന്നാം അർദ്ധ വർഷം 29920/- | രണ്ടാം അർദ്ധ വർഷം |

| | | | | |
|---|---|---|---|---|
| 6 | ടെക്നിക്കൽ ഓഫീസർ, ഐ.കെ.എം | 1 | രണ്ടാം അർദ്ധ വർഷം 1000/- | ഒന്നാം അർദ്ധ വർഷം |

ബി) സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|
| മുത്തൂറ്റ് ഫിൻകോർപ്പ്, കൊട്ടന്തിരപ്പള്ളി | ഒന്നും രണ്ടും അർദ്ധ വർഷം |
| ഇന്ത്യൻ ബാങ്ക്, പിരായിരി | രണ്ടാം അർദ്ധ വർഷം |
| പാലക്കാട് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, പിരായിരി ബ്രാഞ്ച് | രണ്ടാം അർദ്ധ വർഷം |

സി)സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നം./വാർഡ് നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 753 – 758/14 | K.B.Automotive മഹേന്ദ്ര ട്രാക്ടർ സെയിൽസ് | 7 |
| 2 | 193/17 | അമൃതം ഫുഡ്സ് മാനുഫാക്ച്ചറിംഗ് യൂണിറ്റ് | 7 |
| 3 | 70/14 | തസ് ലിജ് ഐസ് ആന്റ് കോൾഡ് സ്റ്റോറേജ് | 9 |

| | | | |
|---|---|---|---|
| 4 | 444/8 | വിൻലാക്സ് ഹാർഡ് വെയേർസ് | 15 |
| 5 | 305/12 | ഹൈസൺ ഓട്ടോ സെയിൽസ് Pvt.Ltd. | 8 |
| 6 | 214/5 | ഗ്രീൻ സ്റ്റാർ ഹോട്ടൽ, മേപ്പറമ്പ് | 7 |
| 7 | 677/5 | ഏബിൾ സ്കൂബൈക്സ് LLP, മേപ്പറമ്പ് | 11 |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

എ) ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക(31-03-2017 വരെ) സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. (എൻക്വയറി നമ്പർ 1/08.06.2017).

| ക്രമ നം. | വാർഡ് നം./കെട്ടിട നം. | വാർഡിന്റെ പേര് | ടവറിന്റെ ഉടമ | ഈടാക്കേണ്ട വസ്തു നികുതി | വസ്തുനികുതി കുടിശ്ശിക (31-03-2017 വരെ) |
|---|---|---|---|---|---|
| 1 | 1/402 | വാരാമ്പള്ളം | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ്, കൊച്ചി | 1680 | 7120 (2009-10 മുതൽ 2016-17 വരെ) |
| 2 | 1/588 | വാരാമ്പള്ളം | ഡബ്ല്യൂ ടി ടി ഐ എൽ സി വയർലസ്സ് സർവ്വീസ് ലിമിറ്റഡ് , പാലാരിവട്ടം, എറണാകുളം | 5775 | 17325 (2014-15 മുതൽ 2016-17 വരെ) |

| | | | | | |
|---|---|---|---|---|---|
| 3 | 3/1 | ആന്ത്രാംകുന്ന് | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് കൊച്ചി | 2625 | 11000 (2008-09 മുതൽ 2016-17 വരെ) |
| 4 | 3/573 | ആന്ത്രാംകുന്ന് | ടവർ വിഷൻ ഇന്ത്യ ലിമിറ്റഡ് , കൊച്ചി | 1470 | 4410 (2014-15 മുതൽ 2016-17 വരെ) |
| 5 | 5/569 | മേപ്പറമ്പ് | വൈർലെസ്സ് ടി.ടി ഇൻഫോം സർവ്വീസസ് ലിമിറ്റഡ് | 4200 | 9354 (2011-12 മുതൽ 2016-17 വരെ) |
| 6 | 11/463 | കുറിശ്ശാംകുളം | വൈർലെസ്സ് ടി.ടി ഇൻഫോം സർവ്വീസസ് ലിമിറ്റഡ് | 5513 | 27565 (2013-14 മുതൽ 2016-17 വരെ) |
| 7 | 14/551 | കുണ്ടുകാട് | സമൽകുമാർ, ഐഡിയ മൊബൈൽ ടവർ, തരവത്ത്പടി | 5513 | 27565 (2013-14 മുതൽ 2016-17 വരെ) |
| 8 | 14/647 | കുണ്ടുകാട് | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ്, മാറാട് പി.ഒ, കുണ്ടന്നൂർ, എറണാകുളം | 3150 | 6300 (2015-16 മുതൽ |

| | | | | | |
|---|---|---|---|---|---|
| | | | | | 2016-17 വരെ) |
| 9 | 14/906 | കുണ്ടുകാട് | വൈർലെസ്സ് ടി.ടി ഇൻഫോം സർവ്വീസസ് ലിമിറ്റഡ്, ഇരുപ്പക്കാട് | 2940 | 11760 (2013-14 മുതൽ 2016-17 വരെ) |
| 10 | 15/607 | കൊട്ടുന്തിരപ്പുള്ളി | വോഡഫോൺ എസ്സാർ സെല്ലുലർ ലിമിറ്റഡ് | 10500 | 42500 (2008-09 മുതൽ 2016-17 വരെ) |
| 11 | 15/608 | കൊട്ടുന്തിരപ്പുള്ളി | എം എസ് റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് (ഫസ്റ്റ് ഫ്ലോർ എ എ ആർ പി ആർക്കേയ്ട് സഹോദരൻ) | 8400 | 33600 (2013-14 മുതൽ 2016-17 വരെ) |
| 12 | 15/637 | കൊട്ടുന്തിരപ്പുള്ളി | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ്, കൊട്ടുന്തിരപ്പുള്ളി | 10500 | 42954 (2011-12 മുതൽ 2016-17 വരെ) |
| 13 | 21/350 | മേലതി | എം എസ് റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 5040 | 20580 (2012-13 മുതൽ 2016-17 വരെ) |
| 14 | 21/565 | മേലതി | വോഡഫോൺ ഈസർ സെല്ലുലാർ ലിമിറ്റഡ് | 5040 | 21114 (2011-12 |

| | | | | | |
|---|---|---|---|---|---|
| | | | ഫിഫ് ത്ത് ഫ്ലോർ മേതർ സ്വയർ ഒ പി പി നോർത്ത് റെയിൽവെ സ്റ്റേഷൻ എറണാകുളം | | മുതൽ 2016-17 വരെ) |
| 15 | 5/718 | മേപ്പറമ്പ് | എസ്സാർ ടെലികമ്മ്യൂണിക്കേഷൻ, കൊച്ചിൻ | 3780 | 3780 (2016-17) |

മേൽ പറഞ്ഞ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക സഹിതം ഡിമാന്റ് ചെയ്ത് എത്രയും പെട്ടെന്ന് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ബി) GO(Rt)No.2640/12/LSGD തിയതി 19-9-2012 പ്രകാരം ബി.എസ്.എൻ.എൽ മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ബി.എസ്.എൻ.എൽ മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

സി) സർക്കുലർ നം.40395/ആർ.സി2/2014/തസ്വഭവ തിയതി 19-10-2014 ലെ നിർദ്ദേശാനുസരണം അനധികൃത മൊബൈൽ ടവറുകളുടെ പ്രവർത്തനം സംബന്ധിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-3 പരസ്യ നികുതി ലേലം സമയബന്ധിതമായി നടപ്പാക്കേണ്ടതാണ്.

2016-17 സാമ്പത്തിക വർഷം പഞ്ചായത്ത് പരിധിയിൽ പരസ്യ നികുതി പിരിച്ചെടുക്കുന്നതിനുള്ള അവകാശം ഉറപ്പിച്ച് നൽകുന്നതിനുള്ള ലേലം 08-09-2016 തിയതിയിൽ ആണ് നടത്തിയിരിക്കുന്നത്.ഇതിന്റെ അടിസ്ഥാനത്തിൽ 30-09-2016 തിയതിയിലെ 8-ാം നമ്പർ തീരുമാന പ്രകാരം 01-04-2016 മുതൽ 31-03-2017 വരെയുള്ള കാലയളവിൽ പരസ്യ നികുതി പിരിച്ചെടുക്കുന്നതിനുള്ള അവകാശം വിപിൻ ജോൺസൺ, തലോർ, തൃശ്ശൂർ എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്.സാമ്പത്തിക വർഷം ആരംഭിച്ച് 6 മാസത്തിന് ശേഷം ലേലം നടത്തി, ടി സാമ്പത്തിക വർഷത്തെ നികുതി പിരിക്കുന്നതിനുള്ള അവകാശം ഏൽപ്പിച്ച് നൽകുന്നത് ശരിയായ നടപടിയല്ല. ലേലം നടപടികൾ സമയബന്ധിതമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 2-4 സേവന നികുതി ഈടാക്കുന്നില്ല.

2011 ലെ കെ.പി.ആർ (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 27 പ്രകാരം പഞ്ചായത്ത് ഏർപ്പെടുത്തുന്ന സേവനങ്ങൾക്ക് നിശ്ചിത

നിരക്കിൽ കുറയാത്ത സേവന നികുതി ചുമത്താവുന്നതാണ്.പഞ്ചായത്ത് മാലിന്യ നിർമ്മാർജനം ,തെരുവ് വിളക്ക് , ജല വിതരണം എന്നീ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി സേവനങ്ങൾ പ്രദാനം ചെയ്യുന്നതിന് വേണ്ട ധനസമാഹരണം ഉറപ്പാക്കുന്നതിന് അനിവാര്യമായ സേവന നികുതി ഡിമാന്റ് ചെയ്യുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം അർഹതയില്ലാത്ത വ്യക്തിക്ക് ആനുകൂല്യം നൽകി

നിർവഹണോദ്യോഗസ്ഥൻ- സെക്രട്ടറി

ബിൽ നം.24/17.3.17-780000(ബി ഫണ്ട്)

വിധവകളായ സ്ത്രീകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായമായി 30000 രൂപ വീതം നൽകുന്നതിനാണ് ബിൽപ്രകാരം തുക പിൻവലിച്ചിരിക്കുന്നത്. പദ്ധതി മാർഗരേഖ സ. ഉ. (എം. എസ്) 4/2016/തസ്വഭവ, തീയതി-11.1.16 പ്രകാരം 50000 രൂപയിൽ താഴെ വരുമാനപരിധിക്കു വിധേയമായാണ് ആനുകൂല്യം നൽകാവുന്നത്. സർക്കാർ /അർദ്ധസർക്കാർ സ്ഥാപനത്തിൽ ജോലിചെയ്യുന്നവരെ 50000 രൂപയിൽ താഴെ വരുമാനമുള്ളവരായി കണക്കാക്കാവുന്നതല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ റേഷൻ കാർഡിൽ സർക്കാർ സർവീസിൽ ജോലിയുള്ളതായി രേഖപ്പെടുത്തിയിട്ടുള്ള താഴെപ്പറയുന്ന ഗുണഭോക്താവിന് ആനുകൂല്യം നല്കിയിരിക്കുന്നു.

| ഗുണഭോക്താവിന്റെ പേരും വിലാസവും | റേഷൻകാർഡ് നം. | നൽകിയ തുക |
|---|---|---|
| ഫൗസിയ.പി.എം<br>പാലക്കൽ ഹൗസ് | 1946018612/24.12.2008 | 30000 |

| | | |
|---|---|---|
| എറയപ്പൊറ്റ<br>കുറിശ്ശാംകുളം | | |

അർഹതയില്ലാത്ത ഗുണഭോക്താവിന് ആനുകൂല്യം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/14.6.17)മറുപടി ലഭ്യമാക്കുകയുണ്ടായില്ല. അർഹതയില്ലാത്ത വ്യക്തിക്ക് നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. തുക രൂപ 30000 നിരാകരിക്കുന്നു.

## 3-2 വാട്ടർ അതോറിറ്റി വെള്ളക്കരം ഈടാക്കുന്ന കുടിവെള്ള പദ്ധതിയുടെ കറണ്ട്ചാർജ് കുടിശ്ശിക ഗ്രാമപഞ്ചായത്ത് ഒടുക്കി

2014-15 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച് ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ പദ്ധതിയാണ് കുറുക്കമ്പാറ കുടിവെള്ളപദ്ധതി. വാട്ടർഅതോറിറ്റിയാണ് ഈ പദ്ധതിയിൽനിന്നും വെള്ളം വിതരണം ചെയ്യുന്നത്. ഗുണഭോക്താക്കളിൽ നിന്നും വാട്ടർ അതോറിറ്റി വാട്ടർചാർജ് ഈടാക്കുന്നതിനാൽ വാട്ടർ അതോറിറ്റിയാണ് കറന്റ് ചാർജ് ഒടുക്കേണ്ടത്. വാട്ടർ അതോറിറ്റി കറന്റ് ചാർജ് ഒടുക്കാതെ കുടിശ്ശിക വരുത്തിയതുമൂലം കണക്ഷൻ വിച്ഛേദിക്കുകയും കുടിശ്ശിക തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽനിന്നും താഴെപ്പറയുംപ്രകാരം ഒടുക്കുകയും ചെയ്തിരിക്കുന്നു.

| വൗച്ചർ നം. | ചെക്ക് നം. | തുക |
|---|---|---|
| 51600377/24.6.16 | 57780/24.6.16 | 10000 |
| 51601441/13.2.17 | 1587364/13.2.17 | 62549 |

22.6.16 ലെ 9 നം. തീരുമാനപ്രകാരം കുടിശ്ശികയുള്ള വൈദ്യുതചാർജ് KWA യിൽനിന്ന് ഈടാക്കുന്നതിനും 22.10.16 ലെ 14(13) നം. തീരുമാനപ്രകാരം സർക്കാർ സാധൂകരണത്തിന് അപേക്ഷിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. മേൽപ്രകാരം തുക അടവാക്കിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/13.6.2017) കെ.എസ്.ഇ.ബി വൈദ്യുതബന്ധം വിച്ഛേദിച്ചതുമൂലം വേനൽക്കാലത്ത് എസ്.സി വിഭാഗത്തിൽപ്പെട്ട പൊതുജനങ്ങൾക്ക് കുടിവെള്ളം കിട്ടാതെ ബുദ്ധിമുട്ടിലാവുകയും ആയതിനാൽ പരിഹാരമാർഗമെന്ന നിലയിൽ വൈദ്യുതബന്ധം പുനസ്ഥാപിക്കുക മാത്രമേ വഴിയുണ്ടായിരുന്നുള്ളൂ എന്നും ബോധ്യപ്പെട്ടതിനാലാണ് ഭരണസമിതി തീരുമാനപ്രകാരം വൈദ്യുതചാർജ്

ഒടുക്കിയതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പിന്നീട് ഈ പദ്ധതി ഗുണഭോക്തൃ സമിതി രൂപീകരിച്ച് കൈമാറിയതായും അറിയിച്ചിട്ടുണ്ട്.

വാട്ടർ അതോറിറ്റിയിൽനിന്നും കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 പത്രവിതരണം നടത്തിയതിലെ അപാകതകൾ

നിർവഹണം-സെക്രട്ടറി

എ) ഗവ.എൽപി സ്കൂളിലേക്ക് 5 ദിനപത്രംവീതം വിതരണം ചെയ്തു

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള താഴെപ്പറയുന്ന സ്കൂളുകൾക്ക് 5 ദിനപത്രങ്ങൾ വിതരണം ചെയ്തതിന് താഴെപ്പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| വൗച്ചർനം. | തുക | പത്രവിതരണ മാസം | സ്കൂളിന്റെ പേര് | തുക കൈപ്പറ്റിയ വ്യക്തി |
|---|---|---|---|---|
| 51600861/18.10.16 | 12930 | 6/14 മുതൽ 3/16 വരെ (തുക-6450)<br>6/15 മുതൽ 3/16 വരെ (തുക-6480)<br>5 മാതൃഭൂമി പത്രം വിതരണം ചെയ്തത് | ഗവ. എൽ പി സ്കൂൾ, കൊടുന്തിരപ്പുള്ളി | ശ്രീ.മധുസൂദനൻ |
| 51601420/6.2.17 | 10000 | 1/16 മുതൽ 12/16 വരെ 5 മനോരമപത്രം വിതരണം ചെയ്തത് | ഗവ. എൽ പി സ്കൂൾ, പിരായിരി | ശ്രീ.അരവിന്ദാക്ഷൻ |

പത്രവിതരണംനടത്തിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.17/15.6.17

ന് സ്കൂളിലെ കുട്ടികളെല്ലാം വായനാശീലമുള്ളവരാകണമെന്ന് പഞ്ചായത്ത് ഭരണസമിതിക്ക് താൽപര്യമുള്ളതിനാലാണ് 5 പത്രങ്ങൾ വിതരണം ചെയ്തതെന്ന് മറുപടി ലഭ്യമാക്കി. ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ലൈബ്രറി അല്ലാത്തതിനാലും പൊതുജനങ്ങൾക്ക് നേരിട്ട് പ്രയോജനം ലഭ്യമാകുന്ന വിധത്തിൽ തുക ചെലവഴിച്ചിട്ടില്ലാത്തതിനാലും ഇതിനായി ചെലവഴിച്ച തുക തിരികെ ഈടാക്കേണ്ടതാണ്. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എ.ആർ ക്യാമ്പ് ലൈബ്രറിയിൽ പഞ്ചായത്ത് തീരുമാനപ്രകാരമാണ് പത്രവിതരണം നടത്തിയതെന്നും ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

എന്നാൽ ഒരു സ്കൂളിലേക്ക് ഒരു പത്രമോ, വ്യത്യസ്ത പത്രങ്ങളോ വിതരണം ചെയ്യുന്നതിനുപകരം ഒരേ ദിനപത്രത്തിന്റെ 5 കോപ്പികൾ പ്രതിമാസം വിതരണം ചെയ്ത് തുക അനുവദിച്ചത് ശരിയല്ല. ഭാവിയിൽ ഈ കാര്യങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

2) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന പോലീസ് ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള എ ആർ പോലീസ് ക്യാമ്പ്, കല്ലേക്കാട് എന്ന സ്ഥാപനത്തിലേക്ക് ദിനപത്രങ്ങൾ വിതരണം ചെയ്തതിന് തനത് ഫണ്ടിൽ നിന്നും വൗച്ചർ നം. 51601272/11.1.17 പ്രകാരം 2220 രൂപ ശ്രീ അരവിന്ദാക്ഷൻ, മലയാളമനോരമ ഏജന്റിന് അനുവദിച്ചിട്ടുണ്ട്. 1.7.15 മുതൽ 31.12.15 വരെ പത്രവിതരണം നടത്തിയതിനാണ് തുക അനുവദിച്ചിട്ടുള്ളത്.

## 3-4 തെരുവു വിളക്ക് റിപ്പയറിംഗ് പ്രവർത്തി നിർവഹിച്ചതിലെ അപാകതകൾ

പ്രൊജക്ട് നം. 92/17

അടങ്കൽ- 445400(തനത് ഫണ്ട്)

തെരുവ് വിളക്ക് റിപ്പയറിംഗിനായി ടെണ്ടർ ക്ഷണിച്ച് ശ്രീ.സന്തോഷ്, സന്തോഷ് ഇലക്ട്രിക്കൽസ് എന്നയാളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2016-17 വർഷത്തിൽ തെരുവ് വിളക്കുകളുടെ റിപ്പയറിംഗിനായി 445400 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രവർത്തി നിർവഹിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

(1) റിപ്പയർ സംബന്ധിച്ച് KSEBയുടെ എസ്റ്റിമേറ്റ്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാതെ വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്.

(2) AMC കരാറിലെ വ്യവസ്ഥകൾക്കനുസൃതമായി പ്രവൃത്തികൾ നടപ്പിലാക്കി എന്ന്

KSEBയുമായി സംയുക്ത പരിശോധന നടത്തി ഉറപ്പാക്കിയിട്ടില്ല.

3) കെ.എസ്.ഇ.ബി യുടെ അനുമതിയോടുകൂടി മാത്രം അറ്റകുറ്റപ്പണികൾ നടത്തേണ്ടതും കെ.എസ്.ഇ.ബിക്ക് സൂപ്പർവിഷൻചാർജ് നൽകി കെ.എസ്.ഇ.ബിയുടെ നേതൃത്വത്തിൽ റിപ്പയർ പ്രവർത്തിചെയ്യേണ്ടതുമാണ്.

4) ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പോസ്റ്റുകളുടെ എണ്ണം അതിൽ സ്ഥാപിച്ചിരിക്കുന്ന വിളക്കുകളുടെ തരം എന്നിവ വ്യക്തമാക്കുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

വിളക്കുകളുടെ എണ്ണം, തരം എന്നിവ വ്യക്തമാക്കുന്നതിന് രജിസ്റ്റർ സൂക്ഷിക്കേണ്ടതും റിപ്പയർ പ്രവർത്തികൾ കെഎസ്ഇബിയുടെ സാന്നിധ്യത്തിൽമാത്രം നിർവഹിച്ച് സാക്ഷ്യപത്രം ലഭ്യമാക്കിയതിനുശേഷം പേമെന്റ് അനുവദിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.17/15.6.17)

# 3-5 തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം പൂർത്തീകരിക്കേണ്ടതാണ്

പിരായിരി ഗ്രാമപഞ്ചായത്തിൽ മേലാമുറിസെക്ഷൻ, പറളിസെക്ഷൻ എന്നിങ്ങനെ രണ്ടു സെക്ഷനുകളിലായാണ് തെരുവ് വിളക്കുകളുടെ കറണ്ട് ചാർജ് ഒടുക്കുന്നത്.

മേലാമുറി സെക്ഷനിലുള്ള തെരുവ് വിളക്കുകളുടെ വൈദ്യുതചാർജ് 2016 ഏപ്രിൽ മാസത്തിൽ 403265 രൂപയും തുടർന്നുള്ള മാസത്തിൽ 367593 രൂപയുമാണ് ഒടുക്കിയിട്ടുള്ളത്. മേലാമുറി സെക്ഷനു കീഴിലുള്ള തെരുവ് വിളക്കുകളുടെ വൈദ്യുതചാർജ് ഓഗസ്റ്റ് 2016 വരെ ഗ്രാമപഞ്ചായത്തിൽ നിലവിലില്ലാത്ത ഓർഡിനറി ബൾബുകൾ, സോഡിയം വേപ്പർ ലാമ്പുകൾ എന്നിവ ഉൾപ്പെടുത്തിയ ഉയർന്ന നിരക്കിലാണ് നൽകിയിട്ടുള്ളത്. 2015-16, 2016-17 വർഷങ്ങളിൽ ഈ വിളക്കുകൾ വാങ്ങുകയോ റിപ്പയറിംഗ് നടത്തുകയോ ചെയ്തിട്ടില്ല. മീറ്ററിംഗ് ഏർപ്പെടുത്തിയതിനുശേഷം വൈദ്യുതിചാർജ് പകുതിയായി കുറഞ്ഞിട്ടുണ്ട്. സെപ്റ്റംബർമാസം മുതൽ മീറ്റർ സംവിധാനം പ്രവർത്തനക്ഷമമാകുകയും പ്രതിമാസ വൈദ്യുതചാർജ് 170000 രൂപയ്ക്കും 200000 രൂപയ്ക്കുമിടയിലുള്ള തുകയായി കുറയുകയും ചെയ്തിട്ടുണ്ട്. എന്നാൽ മുൻവർഷങ്ങളിലേതുൾപ്പെടെ നാളിതുവരെ ഗ്രാമപഞ്ചായത്തിൽ നിലവിലില്ലാത്ത വൈദ്യുതവിളക്കുകളുടെ ചാർജിനത്തിൽ നൽകിയ തുകകൾ തിരിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ പറളിസെക്ഷന്റെ കീഴിലുള്ള താഴെ പറയുന്ന തെരുവുവിളക്കുകൾക്കു കൂടി മീറ്ററിംഗ് ഏർപ്പെടുത്തുവാനുണ്ട്.

| തരം | വാട്ട്സ് | എണ്ണം | നിരക്ക് | ആകെ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| സി.എഫ്.എൽ | 40 | 65 | 28 | 1820 |
| സിംഗിൾ ട്യൂബ് | 40 | 330 | 61 | 20130 |
| ഡബിൾ ട്യൂബ് | 2*40 | 118 | 124 | 14632 |
| ആകെ | | | | 36582 |

മേൽ പട്ടികയിലെ തെരുവുവിളക്കുകൾക്ക് നിലവിൽ 36582 രൂപ വൈദ്യുതി ചാർജ്ജിനത്തിൽ ഗ്രാമപഞ്ചായത്ത് ഒടുക്കുന്നുണ്ട്. കെ.എസ്.ഇ.ബി നിശ്ചയിച്ച താരിഫിന്റെ അടിസ്ഥാനത്തിലാണ് തുക ഒടുക്കുന്നത്. ആകസ്മിക കാരണങ്ങളാൽ പ്രവർത്തിക്കാത്ത വിളക്കുകൾക്കും വൈദ്യുതചാർജ് ഒടുക്കുന്ന അവസ്ഥ ഉണ്ടാവാനിടയുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ ലാമ്പുകൾക്കും മീറ്ററിംഗ് ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കേണ്ടതാണ്. പുതിയ ലാമ്പുകൾ സ്ഥാപിക്കുമ്പോൾ ഊർജ്ജ ഉപഭോഗം കുറവുള്ള ലാമ്പുകൾ സ്ഥാപിക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 17/15-6-2017 നുള്ള മറുപടിയിൽ പറളി സെക്ഷനിൽ മീറ്ററിംഗ് ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ലെന്നും വരും വർഷങ്ങളിൽ ഇതിനുള്ള പദ്ധതികൾ തയ്യാറാക്കാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടകളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 തെരുവ് വിളക്ക് റിപ്പയറിനായി വാങ്ങിയ ഉപകരണങ്ങൾ സ്ഥാപിക്കേണ്ടതാണ്.

നിർവഹണം- സെക്രട്ടറി

പ്രൊജക്ട് - തെരുവ് വിളക്ക് റിപ്പയറിംഗിന് സാധനങ്ങൾ വാങ്ങൽ(നം.72/17)

തെരുവ് വിളക്കുകൾക്ക് സാധനങ്ങൾ വാങ്ങുന്നതിന് തനത് ഫണ്ടിൽനിന്നും 475000 രൂപ അടങ്കലിൽ മേൽപ്രകാരം പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ ടെണ്ടർ സമർപ്പിച്ച കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് തെരുവ് വിളക്ക് റിപ്പയറിംഗിംനായുള്ള ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. ഈ പദ്ധതിക്കായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ച് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| വൗച്ചർനം. | തുക | കാഷ് ബിൽ നം. |
|---|---|---|

| | | |
|---|---|---|
| 51601332/25.1.17 | 138975 | 151/23.1.17<br>158/2.2.17<br>197/28.2.17 |
| 51601445/14.2.17 | 111325 | 152/25.1.17 |
| 51601639/15.3.17 | 107675 | 197/17.2.17 |
| 21601703/28.3.17 | 20425 | 265/22/3/17 |

തെരുവ് വിളക്ക് റിപ്പയറിംഗിന് കരാർ വെച്ചിരിക്കുന്നത് മാർച്ച് 2017 വരെയാണ്. മാർച്ച് മാസത്തിനുശേഷം താഴെപ്പറയുന്ന വിളക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ബാക്കിയുള്ളതായി കാണുന്നുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|
| ട്യൂബ് | 90 | 35 | 3150 |
| ചോക്ക് | 125 | 168 | 21000 |
| സ്റ്റാർട്ടർ | 280 | 7.25 | 2030 |
| ഹോൾഡർ | 107 | 8 | 856 |
| ആകെ | | | 27036 |

ഈ ഉപകരണങ്ങൾ സ്ഥാപിച്ച് രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ആവശ്യകത വിലയിരുത്തി മാത്രം ഉപകരണങ്ങൾ വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 പൊതു ടാപ്പുകളുടെ വെള്ളക്കരം ഗ്രാമപഞ്ചായത്തിന് അധികബാധ്യത

കേരള ജല അതോറിറ്റി മുഖേന കുടിവെള്ളവിതരണം നടത്തുന്ന 349 പൊതുടാപ്പുകളുടെ വാട്ടർ ചാർജ് ഗ്രാമപഞ്ചായത്തിൽനിന്നും ഒടുക്കിവരുന്നുണ്ട്. ഓരോ ടാപ്പിനും 5250 രൂപയാണ് വാർഷികനിരക്ക് കണക്കാക്കിയിട്ടുള്ളത്. ഏപ്രിൽ മുതൽ ഒക്ടോബർ വരെ 149188 രൂപയും നവംബർ മുതൽ 152688 രൂപ പ്രകാരവുമാണ് തുക ഒടുക്കിയിട്ടുള്ളത്. പൊതുടാപ്പുകളുടെ കൃത്യത ഉറപ്പാക്കി ഓരോ പ്രദേശത്തും ഉള്ള ടാപ്പുകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. നിലവിലില്ലാത്ത ടാപ്പുകളുടേയും വെള്ളം ലഭിക്കാത്ത ടാപ്പുകളുടേയും കണക്ക് ലഭ്യമല്ല. സ.ഉ(ആർ.ടി)നം.2242/2011/ത.സ്വ.ഭ.വ തിയതി 28-9-2011 പ്രകാരം

പ്രവർത്തനക്ഷമമായതും കുടിവെള്ളലഭ്യത ഉള്ളതുമായ ടാപ്പുകളുടെ എണ്ണം ഉറപ്പുവരുത്തുന്നതിനായി വാട്ടർഅതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിട്ടില്ല. തൻവർഷം പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നതിനുമാത്രമായി 1804256 രൂപ ചെലവ് വന്നിട്ടുണ്ട്. പരിമിതമായ തനത് വരുമാന സ്രോതസ്സുകൾ ഉള്ള പിരായിരി ഗ്രാമപഞ്ചായത്തിന് ഇത് അധിക ബാധ്യത സൃഷ്ടിക്കുന്നുണ്ട്.

വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് പ്രകാരം 2017 മാർച്ച് മാസം വരെ വെള്ളക്കരത്തിന്റെ കുടിശ്ശികയായി 3973125 രൂപയും പിഴയായി 77934 രൂപയും വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കാനുള്ളതായി കാണുന്നു. കുടിശ്ശികതുക ഒടുക്കാതെ തൻമാസത്തെ തുകമാത്രം ഒടുക്കുവരികയാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ അടിയന്തിരമായി സംയുക്തപരിശോധന നടത്തി ഉപയോഗ ശൂന്യമായ പൊതു കുടിവെള്ളടാപ്പുകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

2016-17 വർഷത്തിൽ കേരള വാട്ടർ അതോറിറ്റിയിലും വൈദ്യുതിബോർഡിലും വിവിധ പ്രവൃത്തികൾക്കായി ആകെ രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കുകയോ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് നം. | പ്രൊജക്ട് | ട്രഷറി ബിൽ നം. | തുക | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|
| 4/17 | കുന്നംപുറം എറയപ്പൊറ്റ കുടിവെള്ളപദ്ധതി(ജനറൽ) | 11/18.11.16 | 500000 | അസി. എഞ്ചിനീയർ, W.S Aug.സെക്ഷൻ , KWA |
| 174/17 | വിവിധ വാർഡുകളിലെ എസ്.സി കോളനികളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ-3 വാർഡ്(എസ്.സി) | 20/22.2.17 | 125000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച് ഡിവിഷൻ, KWA |

| | | | | |
|---|---|---|---|---|
| 90/17 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ-13 വാർഡ്(ജനറൽ) | 19/23.2.17 | 400000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>പി.എച്ച് ഡിവിഷൻ, KWA |
| 214/17 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ (ജനറൽ) | 22/24.3.17 | 320000 | അസി. എഞ്ചിനീയർ,<br>W.S Aug.സെക്ഷൻ ,<br>KWA |
| 73/17 | വിവിധ വാർഡുകളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ(ജനറൽ) | 21/13.3.17 | 13410 | അസി.എഞ്ചിനീയർ,<br>ഇലക്ട്രിക്കൽ സെക്ഷൻ,<br>പറളി |
| | | 25/20.3.17 | 155100 | |
| | | 31/29.3.17 | 424171 | അസി.എഞ്ചിനീയർ,<br>ഇലക്ട്രിക്കൽ സെക്ഷൻ,<br>മേലാമുറി |
| | | 25/20.3.17 | 155100 | |
| 175/17 | വിവിധ വാർഡുകളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ(എസ് സി പി) | 26/29.3.17 | 226600 | അസി.എഞ്ചിനീയർ,<br>ഇലക്ട്രിക്കൽ സെക്ഷൻ,<br>മേലാമുറി |

ഡെപ്പോസിറ്റ് പ്രവൃത്തികൾ എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും പ്രവൃത്തി പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതുമാണ്.

## 3-9 വീട് പുനരുദ്ധാരണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല

നിർവഹണോദ്യോഗസ്ഥൻ- അസി.സെക്രട്ടറി

പ്രൊജക്ട് നം. 82/17

അടങ്കൽ-1850000

ചെലവ്- 675000

എസ് സി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ വീട് പുനരുദ്ധാരണത്തിനായി വികസനഫണ്ടിൽ നിന്നും താഴെപ്പറയുംപ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്

| ബിൽനം. | തുക |
|---|---|
| 2/25.2.17 | 50000 |
| 4/8.3.17 | 112500 |
| 5/14.3.17 | 125000 |
| 6/23.3.17 | 237500 |
| 9/29.3.17 | 150000 |

പദ്ധതിപ്രകാരം 2016-17 വർഷത്തിൽ 47 ഗുണഭോക്താക്കളാണ് പണി ആരംഭിച്ച് തുക കൈപ്പറ്റിയിട്ടുള്ളത്. ആദ്യഗഡു കൈപ്പറ്റിയ 40 ഗുണഭോക്താക്കൾ വീട്പുനരുദ്ധാരണ പ്രവർത്തികൾ നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല.

2017-18 വർഷത്തിൽ സ്പിൽഓവറായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും ആർക്കും ഇതുവരെയും തുക നൽകിയിട്ടില്ല. വീട് റിപ്പയർ പൂർത്തിയാക്കി വാല്വേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറക്ക് രണ്ടാം ഗഡു അനുവദിച്ച് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 9/14.6.17 ന് 2017-18 വർഷത്തിൽ സ്പിൽഓവറായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും വാല്വേഷൻ ലഭ്യമാക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## **3-10** ഭവനനിർമാണത്തിന് സ്ഥലംവാങ്ങൽപദ്ധതി - നിലം വാങ്ങിയവർക്കും ആനുകൂല്യം നൽകി

നിർവഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി
പ്രൊജക്ട് നം. 51/17

അടങ്കൽ-1500000

ചെലവ്- 412500

എസ് സി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവനനിർമാണത്തിന് സ്ഥലം വാങ്ങൽ പദ്ധതിപ്രകാരം താഴെപ്പറയുന്ന രണ്ടു ഗുണഭോക്താക്കൾക്ക് 150000 രൂപ വീതം ആനുകൂല്യം നൽകിയിട്ടുണ്ട്. ഗുണഭോക്താക്കൾ ഭവനനിർമാണത്തിനായി വാങ്ങിയിരിക്കുന്നത് നിലമാണ് . വിശദാംശം താഴെചേർക്കുന്നു

ബിൽ നം. 10/30.3.17, തുക-300000

| ഗുണഭോക്താവിന്റെ പേരും വിലാസവും | ആധാരം നം. |
|---|---|
| മോഹിനിരാജൻ<br>വേദാന്താശ്രമം<br>മോഴിപുലം | 1463/1/2017 |
| മഞ്ജുപ്രദീപ്കുമാർ<br>വേദാന്താശ്രമം<br>മോഴിപുലം | 1461/1/2017 |

ഭവനനിർമാണത്തിന് അനുയോജ്യമായ സ്ഥലം വാങ്ങുന്നതിനാണ് ആനുകൂല്യം നൽകാവുന്നത്. സബ്സിഡി മാർഗരേഖ ജി.ഒ.(എം.എസ്) 4/2016തസ്വഭവ, തീയതി-11.1.16 ഖണ്ഡിക 3.9.1 പ്രകാരം സബ്സിഡി നൽകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള ഇനങ്ങളിൽ ഇനം 11ആയി കൃഷിഭൂമി ഉൾപ്പെടുന്നുണ്ട്.

നിലം വാങ്ങിയതിന് ആനുകൂല്യം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.9 ന് നഗരസഭയോടുചേർന്ന് കിടക്കുന്ന പഞ്ചായത്തായതിനാൽ സെന്റൊന്നിന് 50000 രൂപ നിരക്കിൽ സ്ഥലം ലഭ്യമാവില്ലെന്നും നിലം മാത്രമേ ഈ നിരക്കിൽ ലഭ്യമാകൂ എന്നും ഭരണസമിതി സ്ഥലം നേരിൽ പരിശോധന നടത്തി സ്ഥലം കൃഷിക്ക് അനുയോജ്യമല്ലെന്ന് ബോധ്യപ്പെട്ടതിനാൽ ഭരണസമിതിയുടെ തീരുമാനപ്രകാരമാണ് ആനുകൂല്യം നൽകിയതെന്നും നിർവഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ വാങ്ങിയ നിലത്തിൽ ഭവനനിർമാണത്തിന് KLU അനുമതി ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

അതുവരെ ചെലവുതുക 300000രൂപ തടസത്തിൽവെയ്ക്കുന്നു.

## 3-11 ജൈവപച്ചക്കറി കൃഷി - എസ്. സി . (വനിത ) , പച്ചക്കറി ഫലവൃക്ഷത്തൈ വിതരണം പ്രോജക്ടുകൾക്കായി തുക പിൻവലിച്ചു , നിർവ്വഹണം നടത്തിയില്ല.

1) പ്രോജക്ട് നമ്പർ - SO 153/ 17 , ജൈവപച്ചക്കറി കൃഷി - എസ്. സി . (വനിത )

ആകെ അടങ്കൽ - 126168

ബിൽ നമ്പർ - 4/16-17 തീയതി 13.03.17

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

2) പ്രോജക്ട് നമ്പർ - SO 224/17 , പച്ചക്കറി ഫലവൃക്ഷത്തൈ വിതരണം

ആകെ അടങ്കൽ - 191000

ബിൽ നമ്പർ - 03/16-17 തീയതി 13.03.17

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

SO 153/ 17 - ജൈവപച്ചക്കറി കൃഷി - എസ്. സി .( വനിത) പ്രോജക്ടിന്റെ നടത്തിപ്പിനായി ബിൽ നമ്പർ 4/16-17 തീയതി 13.03.17 പ്രകാരം 126168 രൂപ പിൻവലിച്ച് തൈകളും വിത്തും വാങ്ങുന്നതിനായി വി.എഫ്.പി.സി.കെ സീഡ് പ്ലാന്റ് ആലത്തൂരിനു നൽകിയിട്ടുണ്ട് . കൂടാതെ SO 224/17 പച്ചക്കറി ഫലവൃക്ഷത്തൈ വിതരണം പ്രോജക്ടിന്റെ നടത്തിപ്പിനായി ബിൽ നമ്പർ 03 /16-17 തീയതി 13.03.17 പ്രകാരം 191000 രൂപ പിൻവലിച്ച് ഫലവൃക്ഷത്തൈ വാങ്ങുന്നതിനായും വി.എഫ്.പി.സി.കെ സീഡ് പ്ലാന്റ് ആലത്തൂരിനു നൽകിയിട്ടുണ്ട് . എന്നാൽ ഇവ കർഷകർക്കു വിതരണം ചെയ്തതിന്റെ വിതരണ പത്രിക ഹാജരാക്കിയിട്ടില്ല. തുക കൈപ്പറ്റിയതായി വി.എഫ്.പി.സി.കെ രസീതി നമ്പർ mar/106 തീയതി 13.03.17 , mar/108 തീയതി 13.03.17 എന്നിവ പ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. തൈകൾ ബുക്ക് ചെയ്തതിനു ശേഷം വരൾച്ച അനുഭവപ്പെട്ടതിനാൽ വി.എഫ്.പി.സി.കെയിൽ നിന്നും തൈകളുടെ വിതരണം നടന്നില്ല എന്നും 26.06.2017 മുതൽ തൈകളുടെ വിതരണം ആരംഭിക്കുന്നതാണ് എന്നും കൃഷി ഓഫീസർ എൻക്വയറിക്കു ( നം - 5 , തീയതി

13.06.17 ) മറുപടി നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം നടത്തിയതിന്റെ ഒറിജിനൽ രേഖകൾ ഹാജരാക്കുന്നതുവരെ പദ്ധതി തുകയായ 126168 + 191000 = 317168 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 ആയുർവേദഡിസ്പെൻസറിയിലേക്കു മരുന്നു വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായില്ല.

പ്രോജക്ട് നമ്പർ SOO 77 -17 പ്രകാരം ആയുർവേദഡിസ്പെൻസറിയിലേക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനായി സെയിൽസ് മാനേജർ ഔഷധിയുടെ പേരിൽ ഡി.ഡി. നമ്പർ 450601 തീയതി 19.11.16 പ്രകാരം 350000 രൂപ യുടെ ഡി.ഡി അയച്ചിട്ടുണ്ട് . എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 338045 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത് .മരുന്നുകൾ ലഭ്യമാക്കാനായി നടപടികൾ സ്വീകരിച്ചിട്ടില്ല. മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനായി ഔഷധിയുടെ സെയിൽസ് മാനേജറോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നും ആയത് എത്തുന്ന മുറക്ക് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിവരം അറിയിക്കുന്നതാണ് എന്നും എൻക്വയറിക്കു (നമ്പർ 2 തീയതി 9.06.17 ) മറുപടി നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-13 ശാരീരികവെല്ലുവിളികൾ നേരിടുന്നവർക്ക് മുച്ചക്രവാഹനം വാങ്ങിനൽകൽ - ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

നിർവ്വഹണഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ് . സൂപ്പർവൈസർ

ആകെ അടങ്കൽ - 840000

ചെലവ് - 280000

ബിൽ നമ്പർ 18 -16-17 തീയതി 28 .03.17

പ്രോജക്ട് നമ്പർ SO 143- 16-17 ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് മുച്ചക്രവാഹനം വാങ്ങി നൽകൽ പ്രോജക്ടുമായി ബന്ധപ്പെട്ട് ബിൽ നമ്പർ 18 -16-17 തീയതി 28 .03.17 പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതമായ 280000 രൂപ പിൻവലിച്ച് ജില്ലാ പഞ്ചായത്തിനു കൈമാറിയിട്ടുണ്ട് .ഈ പദ്ധതി ഗ്രാമപഞ്ചായത്ത് വിഹിതം 280000 ഉം ജില്ലാ പഞ്ചായത്ത് വിഹിതം 560000 ഉം ഉൾപ്പെടുത്തി തയ്യാറാക്കിയ സംയുക്തപ്രോജക്ട് ആണെന്നും ഗ്രാമപഞ്ചായത്ത് വിഹിതം ജില്ലാപഞ്ചായത്തിനു കൈമാറുന്നതിനായി അലോട്ട്മെന്റ് അനുവദിച്ചിട്ടുള്ളതാണെന്നും രസീതി നമ്പർ എ -2-2033/16 തീയതി 28.03.17 പ്രകാരം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ആയത് ലഭ്യമാക്കി ഓഡിറ്റിന് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 3-14 ഐ.സി.ഡി.എസ് . സൂപ്പർവൈസർ നിശ്ചിതമാതൃകയിലുള്ള ക്യാഷ്ബുക്ക് ഉപയോഗിക്കുന്നില്ല.

2016 - 2017 സാമ്പത്തീകവർഷത്തിൽ ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് . സൂപ്പർവൈസർ T. R.7A ക്യാഷ്ബുക്ക് ഉപയോഗിച്ചിട്ടില്ല. എന്നാൽ ജി.ഒ.(പി) നമ്പർ 119/ 2015 ധനം തീയതി 21.03.15 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ T. R.7A ക്യാഷ്ബുക്കിൽ ഡിപ്പാർട്ട്മെന്റ്ഫണ്ടിന്റെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവുചെലവുവിവരം രേഖപ്പെടുത്തണം എന്നു നിഷ്കർഷിക്കുന്നുണ്ട്. വരും വർഷങ്ങളിൽ ഇത്തരം അപാകത ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-15 എം.ജി.എൻ.ആർ.ഇ.ജി.എസ് . വേതനകുടിശ്ശിക നിലനിൽക്കുന്നു.

2016-2017 സാമ്പത്തീകവർഷത്തിൽ നടപ്പാക്കിയ ദേശീയതൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ 2017 ജനവരി മുതൽ മാർച്ച് വരെയുള്ള കാലയളവിൽ പൂർത്തീകരിച്ച 164 പ്രവർത്തികളുടെ വേതനം നൽകേണ്ടയിനത്തിൽ ആകെ 6372 തൊഴിലാളികൾക്കായി 6891685 രൂപ കുടിശ്ശികയായി നിലനിൽക്കുന്നു. തൊഴിലുറപ്പ് പദ്ധതി ആകട് സെക്ഷൻ 3 (3),തദ്ദേശസ്വയംഭരണ വകുപ്പിൻെറ 06.02.15.ലെ സർക്കുലർ നമ്പർ 66791/ഡി.ഡി.2/14,തൊഴിലുറപ്പ് പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പ്രകാരം തൊഴിലാളികൾക്ക് കൂലി ആഴ്ചയിൽ ഒരു ദിവസം നൽകേണ്ടതും ഒരു കാരണവശാലും മസ്റ്റർറോൾ ക്ലോസ്സ് ചെയ്ത തിയ്യതി മുതൽ 15 ദിവസത്തിൽ അധികരിക്കുവാൻ പാടില്ലാത്തതുമാണെന്നും നിശ്ചിത നാൾക്കകം കൂലി ലഭ്യമാക്കിയില്ലെങ്കിൽ കാലതാമസം വരുന്ന ഓരോ ദിവസത്തിനും 0.05% നിരക്കിൽ നഷ്ടപരിഹാരം നൽകേണ്ടതുമാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ സർക്കാരിൽ നിന്നും വേതനകുടിശ്ശിക ലഭ്യമായാലുടൻ കൊടുത്തുതീർക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 3-16 എ. ബി. സി പ്രോഗ്രാം -വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ:വെറ്ററിനറി സർജൻ

| | |
|---|---|
| പ്രോജക്റ്റ് നം | 233/17 |
| അടങ്കൽ | 350000/- |
| ചെലവ് | 350000/- |
| ട്രഷറി ബിൽ നം. | 02/16-17 തി.21-03-17 |

2016-17 സാമ്പത്തിക വർഷം ജില്ലാ പഞ്ചായത്തിന്റെ തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണം പദ്ധതിയിലേക്ക് പഞ്ചായത്ത് വിഹിതമായി 350000/- രൂപ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്.പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-17 ഹോമിയോ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

പ്രോജക്റ്റ് നം.- 76/17

പ്രോജക്റ്റ് - ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങൽ

നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ (ഹോമിയോ)

ബിൽ നം.- 01/16-17 തി. 23-01-2017 200000/-

ഡി.ഡി.നം.- 446367 തി.30.01.2017 – 200000 രൂപ

ഹോമിയോ ഡിസ്പെൻസറിക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിനായി 2016-17 വർഷത്തിൽ 2,00,000 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ഹോംകോ, ആലപ്പുഴ-യ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ മേൽ സ്ഥാപനത്തിൽ നിന്നും നാളിതുവരെയും മരുന്നുകൾ ലഭ്യമായിട്ടില്ല.ആവശ്യപ്പെട്ട മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-18 ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങൽ - അപാകതകൾ

പ്രൊ.നം. (എസ്.ഒ) 66 – ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങൽ എന്ന പദ്ധതി പ്രകാരം തനത് ഫണ്ടിൽ നിന്ന് 500000/- രൂപ (ചെക്ക് നം. 6214515/25.10.16 – 300000/-, 1587365/13.2.17 -200000/-) പിൻവലിച്ച് 100000/- രൂപ വീതം 5 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗ രേഖ 362/2013 തസ്വഭവ 16.11.2013, 4/2016, തസ്വഭവ 11.1.2016 എന്നിവ പ്രകാരം വീട് നിർമ്മിക്കുന്നതിന് മിനിമം സ്ഥലം പരമ്പരാഗത കുടുംബ സ്വത്തിൽ നിന്നോ അച്ഛൻ-അമ്മ എന്നിവരിൽ നിന്നോ അനന്തരാവകാശമായി ലഭിക്കാൻ അവകാശമില്ലാത്തവരായിരിക്കണം. വാങ്ങുന്ന സ്ഥലം ഭാര്യയുടേയും ഭർത്താവിന്റെയും പേരിൽ രജിസ്റ്റർ ചെയ്ത് വാങ്ങണം എന്ന്നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ മേൽ നിബന്ധനകൾ പാലിക്കാതെയാണ് പ്രൊജക്ട് നടപ്പിലാക്കിയിരിക്കുന്നത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | വാങ്ങിയ സ്ഥലം | അപാകത |
|---|---|---|
| സീനത്ത്<br>W/o. Late സെയ്ത് ഒസീർ,<br>കൊടുന്തിരപ്പുള്ളി | 3.025 സെന്റ് | പരമ്പരാഗതമായോ അനന്തരാവകാശമായോ സ്ഥലം ലഭിക്കാൻ അർഹതയില്ല എന്നുള്ള സാക്ഷ്യപത്രം സമർപ്പിച്ചിട്ടില്ല. |
| സുഭാഷിണി<br>W/o.ഉണ്ണികൃഷ്ണൻ,<br>കല്ലേക്കാട് | 3.05 സെന്റ് | പരമ്പരാഗതമായോ അനന്തരാവകാശമായോ സ്ഥലം ലഭിക്കാൻ അർഹതയില്ല എന്നുള്ള സാക്ഷ്യപത്രം സമർപ്പിച്ചിട്ടില്ല. ഭാര്യയുടെ പേരിൽ മാത്രമാണ് സ്ഥലം രജിസ്റ്റർ ചെയ്തിട്ടുള്ളത്. |

| | | |
|---|---|---|
| സുശീല,<br>W/o.ദേവദാസ്,<br>കൊടുന്തിരപ്പുള്ളി | 4.15സെന്റ് | -ടി- |
| സീനത്ത്,<br>W/o.സൈനുദ്ദീൻ,<br>കൊടുന്തിരപ്പുള്ളി | 4.39 സെന്റ് | -ടി- |
| സഫിയ,<br>W/o.യൂസഫ്, മാന്ത്ര | 3.05സെന്റ് | -ടി- |

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 18/ 15.6.17ന് IAY ഭവന നിർമ്മാണ പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് സ്ത്രീകളുടെ പേർക്കാണ് ധനസഹായം അനുവദിക്കുന്നത്. സ്ഥലം വാങ്ങൽ പദ്ധതി പ്രകാരം ധനസഹായം അനുവദിച്ച ഗുണഭോക്താക്കൾക്ക് IAY പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുമ്പോൾ ഭാവിയിൽ ഉണ്ടായേക്കാവുന്ന സാങ്കേതിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനു വേണ്ടിയാണ് സ്ത്രീകളുടെ പേർക്ക് ധനസഹായം അനുവദിച്ചത് എന്ന് നിർവഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
കൂടാതെ സീനത്ത് W/o. Late സെയ്തു ഒസീർ എന്ന ഗുണഭോക്താവ് സ്ഥലം വാങ്ങിയിരിക്കുന്നത് ശ്രീ.രാജപ്പൻ എന്ന വ്യക്തിയിൽ നിന്നാണ്. ആധാരം പരിശോധിച്ചതിൽ ശ്രീ. രാജപ്പന്റെ കൈവശത്തിലുള്ള സ്ഥലം പഞ്ചായത്തിൽ നിന്നും 2003-04 വർഷം സ്ഥലം വാങ്ങൽ പദ്ധതി പ്രകാരം ലഭിച്ച സ്ഥലമാണെന്നും 12 വർഷം തികഞ്ഞതിനാൽ - സെക്രട്ടറിയുടെ A2-16/2015 -106 തിയതി 8.3.16 -ാം നമ്പർ കത്ത് പ്രകാരം – കൈമാറ്റം ചെയ്യാം എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഭവന നിർമ്മാണം നടത്തുന്നതിനു വേണ്ടി സ്ഥലം ലഭ്യമാക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം നടത്താതെ 12 വർഷത്തിനു ശേഷം സ്ഥലം കൈമാറ്റം ചെയ്യുമ്പോൾ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കപ്പെടാതെ പോകുന്നു. സ്ഥലം ലഭ്യമായ ഗുണഭോക്താക്കൾ ലഭ്യമായ സ്ഥലത്ത് ഭവന നിർമ്മാണം നടത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനു വേണ്ടി മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ

ക്ഷണിക്കുന്നു.

## 3-19 PMAY ഷെയർ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

നിർവഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ.

പ്രോ.നം. 213 – PMAY ഷെയർ എന്ന ഭവന നിർമ്മാണ പദ്ധതിക്കു വേണ്ടി ട്രഷറി ബിൽ നം. 15/8.3.17 പ്രകാരം 100000/- രൂപ പിൻവലിച്ച് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ, പാലക്കാടിന്റെ TSB A/c. no. 44- ലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. തുക വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-20 ഗുണഭോക്തൃസമിതി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ- അപാകതകൾ

ഓഡിറ്റ് വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും ഗുണഭോക്തൃസമിതികൾ മുഖാന്തിരമാണ് നടപ്പിലാക്കിയിട്ടുള്ളത്.

1. കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13-ൽ ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടത്തുന്നതിനായുള്ള നടപടിക്രമങ്ങൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്. കൂടാതെ 04.03.13-ലെ തദ്ദേശഭരണ വകുപ്പിന്റെ സർക്കുലർ നം.1047/ഡി.എ.1/ 13/ത.സ്വ.ഭ.വ, എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 13.03.13-ലെ സർക്കുലർ നം. HD/EE/LSGD/12/13 എന്നിവ പ്രകാരം തുടർന്ന് മാർഗ്ഗനിർദ്ദേശങ്ങളും നൽകിയിരുന്നു. എന്നാൽ പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങളും, സർക്കാർ നിർദ്ദേശങ്ങളും പൂർണ്ണമായും പാലിക്കാതെയാണ് ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃസമിതികൾ മുഖാന്തിരം മരാമത്ത് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്.

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13(6) പ്രകാരം പൊതുമരാമത്ത് പണിക്കുപയോഗിക്കുന്ന സാധനങ്ങളുടെ തരവും, അളവും, വിലയും തൊഴിലാളികളുടെ എണ്ണവും, കൂലിയും മറ്റു ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃ സമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതാണ്. മാത്രവുമല്ല 13.03.13-ലെ എൽ.എസ്.ജി.ഡി. എക്സി. എഞ്ചിനീയറുടെ സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും ക്യാഷ് ബിൽ അസി. എഞ്ചിനീയർ നിർബന്ധമായും ക്വാളിറ്റി സർട്ടിഫൈ ചെയ്യേണ്ടതും, ബന്ധപ്പെട്ട അസി. എക്സി. എഞ്ചിനീയർ മേലൊപ്പിടേണ്ടതും

നിർബന്ധമാണ്. മസ്റ്റർ റോൾ കൺവീനർ ഒപ്പിടേണ്ടതും, അസി.എഞ്ചിനീയറും, അസി.എക്സി. എഞ്ചിനീയറും മേലൊപ്പിടേണ്ടതുമാണ്. എല്ലാ ക്യാഷ് ബില്ലിലും കൺവീനർ 'Paid by me' എന്ന് എഴുതി ഒപ്പിടേണ്ടതാണ്. അല്ലാതെ സമർപ്പിക്കുന്ന ബില്ലുകളുടെ ഉത്തരവാദിത്വം അസി. എഞ്ചിനീയർ, അസി. എക്സി.എഞ്ചിനീയർ എന്നിവർക്കായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ വ്യവസ്ഥകൾ ഗ്രാമപഞ്ചായത്തിലെ കൺവീനർ പ്രവൃത്തികളുടെ കാര്യത്തിൽ പാലിച്ചിട്ടില്ല. പല പ്രവർത്തികളുടെയും കാഷ്/പർച്ചേസ് ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൺവീനർമാർ ആരുംതന്നെ പണി നടത്തുന്നതിലേക്കായി ഗ്രാമപഞ്ചായത്തിൽനിന്നും മൊബലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടില്ല.

2. ഗുണഭോക്തൃസമിതിയുടെ മിനട്സ് ബുക്കുകളിൽ പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് വിശദവിവരങ്ങൾ ലഭ്യമല്ല. (ഓരോ ഇനം പ്രവൃത്തിയുടെ അളവ്, നിരക്ക്, പ്രവൃത്തി പൂർത്തീകരണത്തിന്റെ സമയക്രമം, പ്രവൃത്തികൾക്ക് ആവശ്യമായ സാധനസാമഗ്രികളുടെ അളവ്, തൊഴിലാളികളുടെ എണ്ണം, വൗച്ചറുകൾ, വരവ്-ചെലവ് കണക്കുകൾ പാസ്സാക്കിയതിന്റെ വിവരം തുടങ്ങിയവ). കൺവീനർ മുഖേന നടത്തുന്ന പ്രവർത്തികൾക്ക് യന്ത്രോപകരണങ്ങളുടെ വാടകയുടെ കാഷ്ബിൽ, സാധനസാമഗ്രികളുടെ പർച്ചേസ് ബിൽ തുടങ്ങിയവ ഫയലിൽ സൂക്ഷിക്കണം എന്ന വ്യവസ്ഥയുണ്ട്. എന്നാൽ പല പ്രവർത്തികളുടെയും ഫയലിൽ പർച്ചേസ് ബില്ലുകൾ പൂർണ്ണമായും ലഭ്യമല്ല. മാത്രമല്ല, സാധനങ്ങൾ വാങ്ങുമ്പോൾ വ്യക്തികളിൽ നിന്നായാലും സ്ഥാപനങ്ങളിൽ നിന്നായാലും സാധനങ്ങളുടെ അളവ്, നിരക്ക്, മൊത്തം വില, തിയതി എന്നിവ രേഖപ്പെടുത്തിയ ക്യാഷ് ബില്ലോ രശീതിയോ വേണം. സിമന്റ്,കമ്പി,ബിറ്റുമിൻ തുടങ്ങിയ സാധനങ്ങൾ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ ഡീലർമാരിൽ നിന്നോ മാത്രമേ വാങ്ങാൻ പാടുള്ളൂ. അവ കൂടി പരിശോധിച്ചതിനു ശേഷം വേണം ഫൈനൽ ബിൽ നൽകേണ്ടത്.

3. പണമിടപാടുകൾ ഗുണഭോക്തൃസമിതി ചെയർമാന്റെയും കൺവീനറുടേയും പേരിൽ ആരംഭിക്കുന്ന ജോയിന്റ് അക്കൗണ്ടിൽ കൂടി മാത്രമേ നടത്താവൂ. എന്നാൽ കൺവീനറുടെ പേരിൽ മാത്രമുള്ള ബാങ്ക് അക്കൗണ്ടിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. (ഓഡിറ്റ് എൻക്വയറി 8/14.6.2017).

ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടപ്പാക്കുന്നത് സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാത്തതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 3-21 സിംഗിൾ ടെണ്ടർ അംഗീകരിച്ച നടപടി - നടപടിക്രമങ്ങൾ പാലിച്ചില്ല

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിൽ സിംഗിൾ ടെണ്ടർ ലഭ്യമായാൽ ടെണ്ടർ

സ്വീകരിക്കുന്നതിനുള്ള കാലാവധി പരമാവധി 15 ദിവസത്തേക്ക് ദീർഘിപ്പിച്ചു നൽകേണ്ടതാണെന്നും ദീർഘിപ്പിച്ചു നൽകിയ കാലയളവിനുള്ളിൽ കൂടുതൽ ടെണ്ടറുകൾ ലഭ്യമായില്ലെങ്കിൽ റീ ടെണ്ടർ നടത്തേണ്ടതാണെന്ന് സ.ഉ(പി)നം. 324/15 /ഫിൻ തിയതി 3-7-2015 ൽ നിഷ്കർഷിച്ചിട്ടുണ്ട്. ആദ്യം ലഭ്യമായ സിംഗിൾ ടെണ്ടർ തുറക്കുവാൻ പാടില്ലെന്നും എസ്റ്റിമേറ്റിലും കുറഞ്ഞ നിരക്കാണെങ്കിലും പരിഗണിക്കേണ്ടതില്ലെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. 2016-17 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ചപ്പോൾ ലഭ്യമായ സിംഗിൾ ടെണ്ടറുകൾ ആദ്യ ഘട്ടത്തിൽ തന്നെ പരിഗണിക്കുകയും ടെണ്ടർ ഉറപ്പിച്ചു നൽകുകകയും ചെയ്തു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | അടങ്കൽ, ടെണ്ടർ നിരക്ക് | ചെലവ് | ബിൽ നം. / തിയതി |
|---|---|---|---|---|
| 1 | മാപ്പിളക്കാട് അംഗൻവാടി നിർമ്മാണം<br>പ്രൊ.നം. 11/16-17<br>ടെണ്ടർ തിയതി - 14.9.15<br>കരാറുകാരൻ - ശ്രീ.ടി.ചന്ദ്രൻ<br>നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ | 800000<br>below 0.01% | 799920 | 11/29.11.16 |
| 2 | ഇരുപ്പക്കാട് IHDP കോളനി അംഗൻവാടി നിർമ്മാണം<br>പ്രൊ.നം. - 12/16-17<br>ടെണ്ടർ തിയതി - 14.9.15<br>കരാറുകാരൻ - ശ്രീ.ടി.ചന്ദ്രൻ<br>നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ | 800000<br>below 0.01% | 792384 | 18/24.1.17 |
| 3 | പറക്കോട് അംഗൻവാടി നിർമ്മാണം | 800000 | 799965 | 14/19.1.17 |

| | | | | | |
|---|---|---|---|---|---|
| | പ്രൊ.നം. - 10/16-17<br>ടെണ്ടർ തിയതി - 14.9.15<br>കരാറുകാരൻ - ശ്രീ.ടി.ചന്ദ്രൻ<br>നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ | below 0.01% | | | |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/14.6.2017 ന് മറുപടി ലഭ്യമാക്കിയില്ല.
ടെണ്ടർ നടപടികൾ സർക്കാർ ഉത്തരവിന്റേയും നിയമം അനുശാസിക്കുന്ന രീതിയിലും നടപ്പിലാക്കുവാൻ കഴിയാത്തതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 3-22 മെയ്ന്റനൻസ് ഫണ്ട് ഉപയോഗിച്ച് റോഡ് പ്രവൃത്തികൾ -അപാകതകൾ

സർക്കുലർ നം. 68/228/എഫ്.എം.1/12 തിയതി 28-11-2012 പ്രകാരം കൈമാറിക്കിട്ടിയ എല്ലാ റോഡുകളുടേയും അറ്റകുറ്റപണികൾ നടത്തിയ ശേഷവും മെയ്ന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മാത്രമേ മെറ്റലിംഗ്, കോൺക്രീറ്റിംഗ്, ടാറിംഗ് തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുക്കാവൂ എന്ന് നിഷ്കർഷിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ റോഡുകൾക്കൊന്നും അറ്റകുറ്റപണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായി തീരുമാനമെടുത്തശേഷം ആയിരിക്കണം ഇപ്രകാരം മെയ്ന്റനൻസ് ഫണ്ട് നിർമ്മാണ പ്രവൃത്തികൾക്ക് വിനിയോഗിക്കുന്നത്. എന്നാൽ 2016-17 വർഷം ഈ നിർദ്ദേശം പാലിക്കാതെ കോൺക്രീറ്റ് റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾക്ക് മെയ്ന്റനൻസ് ഫണ്ട് വിനിയോഗിച്ചിട്ടുണ്ട് .
ഉദാ :1. കുന്നംപുറം മർക്കസ് റോഡ് കോൺക്രീറ്റിംഗ് (5/16-17).
2. കുന്നംകുളങ്ങര റോഡ് കോൺക്രീറ്റിംഗ് (22/16-17)

മെയിന്റനൻസ് ഫണ്ട് പുതിയ റോഡ് നിർമ്മാണത്തിനായി വകമാറ്റി ചെലവഴിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 6/14.6.2017).

## 3-23 കുടിവെള്ള പദ്ധതികൾ-ഭാഗികമായി ചെയ്യുന്നത് ഒഴിവാക്കണം

12-ാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം ഒരു കുടിവെള്ള പദ്ധതി തയ്യാറാക്കുമ്പോൾ ഗുണഭോക്താക്കൾക്ക് കുടിവെള്ളം കിട്ടുന്നതിന് എന്തെല്ലാം പ്രവൃത്തികൾ ആവശ്യമാണോ അവയെല്ലാം പ്രൊജക്റ്റിൽ ഉൾപ്പെടുത്തിയിരിക്കണം. തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രൊജക്റ്റായി തയ്യാറാക്കണം. എന്നാൽ പഞ്ചായത്ത് തൻവർഷം തുക ചെലവഴിച്ചിട്ടുള്ള താഴെ പറയുന്ന പ്രവൃത്തികളിൽ ഭാഗികമായുള്ള പ്രവൃത്തികൾക്കാണ് തുക വകയിരുത്തിയിരിക്കുന്നത്.

ഉദാ:- 1. പുതുക്കുളങ്ങര വാട്ടർ ടാങ്ക് നിർമ്മാണം (പ്രൊ.നം. 31/16) എന്ന പ്രവൃത്തിയിൽ വാട്ടർ ടാങ്ക് സ്ഥാപിക്കുക മാത്രമാണ്
നടപ്പിലാക്കിയിട്ടുള്ളത്.

2. മാമ്പ്ര കുടിവെള്ള പദ്ധതി - പ്രൊ.നം. So.248/16 എന്ന പ്രവൃത്തിയിൽ കുഴൽ കിണർ കുഴിച്ച് യീൽഡ് ടെസ്റ്റ് നടത്തുന്നതിനുള്ള
ചെലവുകളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

പദ്ധതി മാർഗ്ഗരേഖയനുസരിച്ച് പദ്ധതികളാവിഷ്കരിക്കേണ്ടതും അതിന്റെ പ്രയോജനം എത്രയും വേഗം ജനങ്ങളിലെത്തിക്കുന്നതിനും നിർവ്വഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 6/14.6.2017).

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 885000 | നെൽകൃഷി ഉഴവുകൂലി | 885000 | --- |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 400000 | പാലിന് സബ്സിഡി | 400000 | --- |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 197625 | ഭിന്നശേഷി സ്കോളർഷിപ്പ് | 197625 | --- |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം./ട്രഷറി ബിൽ നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുന്നംപുറം എറയപ്പൊറ്റ കുടിവെള്ളപദ്ധതി(ജനറൽ) 4/17 | 11/18.11.16 | 500000 | 0 | 500000 |
| | വിവിധ വാർഡുകളിലെ എസ്.സി കോളനികളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ-3 വാർഡ്(എസ്.സി)-174/17 | 20/22.2.17 | 125000 | 0 | 125000 |
| | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ-13 | 19/23.2.17 | 400000 | 0 | 400000 |

| | | | | | |
|---|---|---|---|---|---|
| | വാർഡ്(ജനറൽ)-90/17 | | | | |
| | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ (ജനറൽ)-214/17 | 22/24.3.17 | 320000 | 0 | 320000 |
| | വിവിധ വാർഡുകളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ(ജനറൽ) -73/17 | 21/13.3.17 | 13410 | 0 | 13410 |
| | | 25/20.3.17 | 155100 | 0 | 155100 |
| | | 31/29.3.17 | 424171 | 0 | 424171 |
| | | 25/20.3.17 | 155100 | | 155100 |
| | വിവിധ വാർഡുകളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ (എസ് സി പി)-175/17 | 26/29.3.17 | 226600 | 0 | 226600 |
| ആകെ | | | 2319381 | 0 | 2319381 |

## **4-3** <u>മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്</u>

ഒന്നുമില്ല.

## **4-4** <u>വായ്പ/ വായ്പ തിരിച്ചടവ്</u>

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്.ഭവന പദ്ധതി | 957/10 തസ്വഭവ തിയതി, 20.3.10 | 16092000 | 5291884 | 1602409 | --- | 3689475 |

# 4-5 സ്ഥിര നിക്ഷേപങ്ങൾ

ഒന്നുമില്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 33319 /- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 2013-14 & 2014-15 | 2-2 | 17136 | സി.എസ്.ശിവകുമാർ, സെക്രട്ടറി (റിട്ട.) | 11609105177/ 4.1.17 |
| | | 2266 | സി.എസ്.ശിവകുമാർ, സെക്രട്ടറി (റിട്ട.) | 11609500026/ 13.3.17 |
| 2013-14 &2014-15 | 3-11 | 3500 | ഒ.കെ.ജനനിവാസൻ, അസിസ്റ്റന്റ് എഞ്ചിനീയർ(റിട്ട.) | ചലാൻ നം. 54/27.10.16 |

| | | | | |
|---|---|---|---|---|
| 2013-14 & 2014-15 | 3-4 | 10417 | സി.എസ്.ശിവകുമാർ, സെക്രട്ടറി (റിട്ട.) | 11609104248/ 16.4.2016 |
| ആകെ | | 33319 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗമായുള്ള മൃഗസംരക്ഷണമേഖലയെ സംബന്ധിച്ച പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ടിൽ പിരായിരി ഗ്രാമപഞ്ചായത്തിലെ മൃഗസംരക്ഷണ മേഖലയിലെ പരാമർശങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. വിഷയം നാളിതുവരെ ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിഗണിച്ചിട്ടില്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | ₹. 76891717/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹. 64255747/- |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 32220 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 617168 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 30000 | സി.അബ്ദുൾനാസർ, സെക്രട്ടറി |
| 3-3(2) | | 2220 | സി.അബ്ദുൾനാസർ, സെക്രട്ടറി |
| ആകെ | | 32220 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-10 | 300000 | സുമ.എസ്.എൻ,അസിസ്റ്റന്റ് സെക്രട്ടറി |
| 3-11 | 317168 | നഫീസ,എം. കൃഷി ഓഫീസർ |
| ആകെ | 617168 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സി.അബ്ദുൾനാസർ, സെക്രട്ടറി | സെക്രട്ടറി, പിരായിരി ഗ്രാമപഞ്ചായത്ത് | ജസീന മൻസിൽ, നിയർ സ്റ്റേറ്റ് വെയർ ഹൗസ്, കുളത്തുമേട്, മുതലമട പി.ഒ., പാലക്കാട് – 678 507 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LF.P12/904/05/20.01.06 | ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് |
| 1997-98 | LF.P12/42/06/19.04.06 | ഓഡിറ്റ് തടസ്സം സംബന്ധിച്ച് |
| 1998-99 | LF.P7/756/01/15.07.06 | ഫർദർ റിമാർക്സ് |
| 1999-00 | LF.P12/462/09/12.06.09 | ചാർജ്/സർചാർജ് സംബന്ധിച്ച് |
| 2000-01 | LF.P12/1396/05/04.01.06 | ഓഡിറ്റ് റിപ്പോർട്ട് |
| 2001-02 | LF.P12/1631/07/05.04.08 | ഫർദർ റിമാർക്സ് |
| 2002-03 | LF.P12/558/06/09.10.06 | ഓഡിറ്റ് റിപ്പോർട്ട് |
| 2003-04 | LF.P14/1405/13/22.10.13 | സെക്രട്ടറിയുടെ ബാദ്ധ്യത |

| | | |
|---|---|---|
| 2004-05 | LF.P17/1074/10/01.12.10 | ഫർദർ റിമാർക്സ് |
| 2005-06 | LF.P17/1074/10/01.12.10 | ഫർദർ റിമാർക്സ് |
| 2006-07 | LF.P17/1068/10/19.11.10 | ഫർദർ റിമാർക്സ് |
| 2007-08 | LF.P17/1032/11/14.12.11/05.06.12 | ഫർദർ റിമാർക്സ് |
| 2008-09 | LF.P17/1032/11/14.12.11/05.06.12 | ഫർദർ റിമാർക്സ് |
| 2009-10<br>2010-11<br>2011-12 | LF.P17/2763/13/06.01.14 | ഫർദർ റിമാർക്സ് |
| 2012-13 | എൽ എഫ് പി 17/390/2015 /2-5-15 | ഫർദർ റിമാർക്സ് |
| 2013-14<br>&<br>2014-15 | നം. കെ.എസ്.എ-പികെഡി-17/1427/16<br>തിയ്യതി:8.8.2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | നം.കെ.എസ്.എ.പി.കെ.ഡി.17-228-17/08.02.17 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ-പികെഡി17-1174/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്.

ഫോൺ - 04912420145

e-mail – dopkd.ksad@kerala.gov.in

തിയതി :26.07.2017.

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷ്യപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

അപാകതകളുടെ സംക്ഷിപ്തം

1. ആസ്തിമൂല്യം തിട്ടപ്പെടുത്തി സാഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD-17-1174/2017

Kerala State Audit Department

District Audit Office, Palakkad

Date 26.07.2017

## Audit Certificate

Certified that I have audited the Annual Financial Statement of PIRAYIRI Gramapanchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of PIRAYIRI Gramapanchayat for the year 2016-17 except the observations attached with this certificate properly presents the

picture of income and expenditure.

Deputy Director

Abstract of Defects

1) Asset values not ascertained and linked with Sankhya.

Deputy Director.